കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂരങ്ങാടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/2359/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ -dompm.ksad@kerala.gov.in

ഫോൺ 04832734951

തീയതി. 30/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

തിരൂരങ്ങാടി നഗരസഭ

സർ,

വിഷയം : - തിരൂരങ്ങാടി നഗരസഭ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി **(http://aims.ksad.kerala.gov.in/esubmission)** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

എബികെ 12/17

നം കെ എസ് എ.എം പി എം.25/2359/2017

തിയ്യതി:30/11/2017

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**മലപ്പുറം** ജില്ലയിലെ **തിരൂരങ്ങാടി നഗരസഭയുടെ 2016-17**സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 9.1.2017 മുതൽ 18.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നഗരസഭ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം,**

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:** ശ്രീ .വി. കെ. ഷാജി . സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**ഓഡിറ്റിന് വിനിയോഗിച്ച സമയം: 19.10**.2017 മുതൽ 31.10.2017വരെ

### 1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്ര.) |
| 2 | ശ്രീ.മുഹമ്മദാലി എം | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീ ആലസൻകുട്ടി യു | ഓഡിററർ |
| 4 | ശ്രീമതി.ലത .ഒ.വി. | ഓഡിററർ |

### 2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.റഹീദ കെ ടി | 1.4.2016മുതൽ 31.3.2017വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. കോയ വെള്ളക്കാൻതൊടി | 1.4.2016മുതൽ |

| | | |
|---|---|---|
| | | 20.3.2017വരെ |
| 2 | ശ്രീ.ജയകുമാർ എസ് | 21.3.2017മുതൽ<br>31.3.2017വരെ |

**<u>മററുനിർവഹണാധികാരികൾ</u>**

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ലക്ഷ്മി.എസ്.എൽ. | 1.4.2016മുതൽ<br>23.6.2016വരെ |
| | | ശ്രീമതി. ദിവ്യ. കെ. | 24.6.2016മുതൽ<br>22.8.2016വരെ |
| | | ശ്രീമതി.സംഗീത. വി. | 23.8.2016മുതൽ<br>18.10.2016വരെ |
| | | ശ്രീമതി. ദർശന.വി.എസ്. ലാൽ | 18.10.2016മുതൽ<br>31.3.2017വരെ |
| 2 | വില്ലേജ് എക്സ്ററൻഷൻ ഓഫീസർ | ശ്രീ.അഖിൽ ബി | 1.4.2016മുതൽ<br>31.3.2017വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ<br>(ആരോഗ്യം) | ഡോ.ബിജു. | 1.4.2016മുതൽ<br>30.4.2016വരെ |
| | | ഡോ.ഷാൻറി. | 1.5.2016മുതൽ<br>14.2.2017വരെ |
| | | ഡോ.ഷാജഹാൻ എം | 15.2.2017മുതൽ<br>31.3.2017വരെ |
| 4 | മെഡിയ്ക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. അനൂപ്.V.P. | 1.4.2016മുതൽ<br>31.3.2017വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ<br>(ആയുർ വേദം) | ഡോ.വന്ദന | 1.4.2016മുതൽ<br>31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.സാജു ജോർജ് | 1.4.2016മുതൽ<br>31.3.2017വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മിനി പിലാക്കാട്ട് | 1.4.2016മുതൽ<br>31.3.2017വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.റുബീന എം | 1.4.2016മുതൽ<br>31.3.2017വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അബ്ദു സെയ്ത്.എ.എസ് | 1.4.2016മുതൽ<br>31.3.2017വരെ |

| | | | |
|---|---|---|---|
| 10 | എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ | ശ്രീ.സുന്ദരൻ | 1.4.2016മുതൽ 7.8.2016വരെ |
| | | ശ്രീ.ചക്രദാർ | 8.8.2016മുതൽ 31.3.2017വരെ |
| 11 | പ്രിൻസിപ്പാൾ, GHSS, തിരൂരങ്ങാടി | ശ്രീ.ദിലീപ് | 1.4.2016മുതൽ 31.3.2017വരെ |

**ഉള്ളടക്കം**

**ഭാഗം 1**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | ആഭ്യന്തരനിയന്ത്രണം | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |
| 12 | അനുബന്ധ പത്രികകൾ | 1(12) |
| | ഭാഗം ii | |
| 13 | ഓഡിററ് നിർദ്ദേശപ്രകാരം തുക അടവാക്കി | 2(1) |
| 14 | തൊഴിൽനികുതി അപാകതകൾ | 2(2) |
| 15 | നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കിയില്ല. | 2(3) |
| 16 | വസ്തു നികുതി കുറവായി ഈടാക്കി. | 2(4) |
| 17 | ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | 2(5) |
| 18 | വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. | 2(6) |
| | ഭാഗം iii | |
| 20 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു: | 3(1) |
| 21 | ലീവ് ട്രാവൽ കൺസഷൻ - മുൻകൂർ തുക കൈപ്പററി- ക്രമീകരണ വിവരം ലഭ്യമാക്കിയില്ല:- | 3(2) |
| 22 | മരുന്നുകൾ മുൻകൂർ തുക കൈപ്പററി വൈകി ലഭ്യമാക്കുന്നു- GST യും | 3(3) |

| | | |
|---|---|---|
| | ഈടാക്കി--തുക തടസ്സം ചെയ്യുന്നു(87,673/-രൂപ) | |
| 23 | തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു:- | 3(4) |
| 24 | അരിയർ ശമ്പളം പണമായി നൽകി- ആനുപാതിക പെൻഷൻ അംശദാനം ഒടുക്കിയില്ല: | 3(5) |
| 25 | ഹോമിയോമരുന്നുകൾക്ക് മുൻകൂർ തുക നൽകി - മരുന്ന് വൈകി ഭാഗീകമായി ലഭ്യമാക്കി-12%GST/യും-തുക തടസ്സം ചെയ്യുന്നു:- | 3(6) |
| 26 | വ്യക്തിഗത ഗാർഹിക കംപോസ്ററ് യൂണിററ് നിർമ്മാണം- പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല:- | 3(7) |
| 27 | തെരുവു വിളക്ക്, തെരുവു ടാപ്പ് -സംയുക്തപരിശോധന നടത്തിയില്ല:- | 3(8) |
| 28 | ആശ്രയ പ്രേജക്റ്റ് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം) രണ്ടാം ഘട്ടപദ്ധതി എന്നിവ വീട്ടു നിർമ്മാണവും ഭക്ഷണ വിതരണവും മാത്രമായി ചുരുങ്ങി | 3(9) |
| 29 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 3(10) |
| 30 | അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 3(11) |
| 31 | പരിരക്ഷ പദ്ധതി അപാകതകൾ | 3(12) |
| 32 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3(13) |
| 33 | ശാരീരിക – മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല | 3(14) |
| 34 | 10 ാം തരം തുല്യത പരീക്ഷ-സാക്ഷരതാ മിഷനിലേക്ക് തുക അടവാക്കിയതിന്റെ കൈപറ്റ് ലഭ്യമാക്കിയില്ല. | 3(15) |
| 36 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3(16) |
| 37 | ഭക്ഷണസാധനങ്ങൾക്ക് അധിക വില നൽകി | 3(17) |
| | ഭാഗം-IV | |
| | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| | ഓഡിറ്റ് റിക്കവറി | 4(6) |
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| | |

| | |
|---|---|
| 1/4.3.2016 | |

# 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 11.08.2017 |

# 1-3 വാർഷിക ധനകാര്യപത്രിക. പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം,തീയതി |
|---|---|---|
| 2016-17 | 20-10-17 | അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

<u>വാർഷിക കണക്കുകളിലെ അപാകതകൾ</u>

<u>തിരൂരങ്ങാടി നഗരസഭ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധന -അപാതകൾ</u>

1) ബജറ്റ് ഫങ്ങ്ഷൺ ഫങ്ങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2)സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) നിയമപരമായി വസൂലാക്കിയ എെ.ടി-21290 ,ലൈബ്രറി സെസ്-586092 ,നിർമ്മാണ തൊഴിലാളി ക്ഷേമനിധി-24527,വാറ്റ് -9616എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു(B-9 Schedule).

4)വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്തതുകകൾ

ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നടത്തിയിട്ടില്ല.

5)വാർഷിക ധനകാര്യ പത്രികയിൽ (B-18 Schedule )പെർമനന്റ് അഡ്വാൻസ് രേഖപ്പെടുത്തിയിട്ടില്ല.

6)വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

7)മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 27842935 |
| വരവ് | 77668660 |
| ആകെ | 105511595 |
| ചെലവ് | 82484657 |
| നീക്കിബാക്കി | 23026938 |

AFS പ്രകാരമുള്ള ചെലവു തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതനുസരിച്ച് നീക്കിബാക്കിയിലും മാറ്റമുണ്ടായിട്ടുണ്ട്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (Lapsed) | ചെലവ് ശതമാനം | നീക്കി യിരിപ്പ് R&P 40b പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18376056 | 18376056 | 14696968 | 3679088 | 79.98 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2588325 | 2588325 | 1272000 | 1316325 | 49.14 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36978 | 36978 | 0 | 36978 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6414417 | 6414417 | 4952172 | 1462245 | 77 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5121624 | 5121624 | 3979791 | 1141833 | 77 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9368448 | 9368448 | 8157415 | 1211033 | 87 | 0 |
| പെർഫോമൻസ് ഗ്രാന്റ് (State Share) | 0 | 3905766 | 3905766 | 2529840 | 1375936 | 65 | 0 |
| പെർഫോമൻസ് ഗ്രാന്റ് (central Share) | 0 | 0 | 0 | 0 | 0 | 0 | 0 |
| NREGS | 0 | 0 | 0 | 0 | 0 | 0 | 0 |
| B Fund | 0 | 52371700 | 52371700 | 52371700 | 0 | 100 | 0 |

# 1-6 പദ്ധതി അവലോകനം.

എ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 96114013 | 168 | 56643192 | 7 | 56 | 73 |

**പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ ഇല്ല**

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8353940 | 13982293 | +5628353 | +67.3 |
| നികുതിയേതര വരവുകൾ | 1218744 | 499303 | 719441 | +59 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 844601 | 2952512 | +2107911 | 249 |
| ആകെ | 10417285 | 17434108 | 7016823 | 67.3 |

# 1-8 ക്ഷേമപദ്ധതികൾ

**തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 41520 | 25 |
| കർഷകത്തൊഴിലാളി പെൻഷൻ | 1661610 | 193 |
| വിധവാ പെൻഷൻ | 16349070 | 1610 |
| വാർദ്ധക്യകാല പെൻഷൻ | 29176480 | 2590 |
| വികലാംഗ പെൻഷൻ | 4571500 | 538 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള ധനസഹായം | 481000 | 43 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 74313 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്ററർ ഇൻകുമ്പൻസി രജിസ്ററർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രജിസ്ററർ കാലികമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരാരം തന്നെ സബ്സിഡിയറി രജിസ്ററർ സൂക്ഷിച്ചിട്ടില്ല.എസ് സി ഡെവ. ഓഫീസർ , ഹയർ സെക്കന്ററി പ്രിൻസിപ്പൽ എന്നിവർ ക്യാഷ് ബുക്കും എസ് സി ഡെവ. ഓഫീസർ പ്രൊജക്ട് രജിസ്റററും സൂക്ഷിച്ചിട്ടില്ല.ഡി .സി ബി ഇനങ്ങളുടെ സംഗ്രഹസാക്ഷ്യപത്രം എഴുതി സൂക്ഷിച്ചിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്ററെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-11-15മുതൽ 24.11.15 വരെ | 1.10.15മുതൽ 30.10.15 വരെ | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.13 മുതൽ 17.1213 വരെ | 2008-09 മുതൽ 2012-13 വരെ | 11.3.2014 |

# 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 പിരിച്ചെടുത്ത തുക യഥാസമയം അടവാക്കിയില്ല- ഓഡിററ് നിർദേശപ്രകാരം തുക അടവാക്കി

വസ്തുനികുതി ഇനത്തിൽ 11.5.2017 തീയതിയിൽ 16453 നം രശീതി പ്രകാരം പിരിച്ചടുത്ത 2439 രൂപ ( ബുക്ക് നം 165) കളക്ഷൻ രജിസ്ററിൽ രേഖപ്പെടുത്തകയോ തുക ബാങ്കിൽ അടവാക്കകയോ ചെയ്തില്ല. ഇത സംബന്ധിച്ച നൽകിയ ഓഡിററ് അന്വേഷണത്തെ (10/25.10.17) തുടർന്ന് 27.10.17തീയതിയിലെ 1/117150102856/നം രശീതി പ്രകാരം മേൽ തുക അടവാക്കി.

# 2-2 തൊഴിൽനികുതി അപാകതകൾ

2016 -17 സാമ്പത്തിക വർഷത്തെ തൊഴിൽനികുതിയുടെ ഫയലുകളുംഅനുബന്ധ രജിസ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1 ജീവനക്കാർ തൊഴിൽനികുതി അടവാക്കിയില്ല.**

താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ചെമ്മാട് ഹിയറിംഗ് കെയർ& സ്പീച്ച് തെറാപ്പി ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 2 | ജി ടി ഇസി കമ്പ്യൂട്ടർ സെന്റർ ചെമ്മാട് | രണ്ടാം അർദ്ധവർഷം |
| 3 | പോസ്ററ് ഓഫീസ് ചുള്ളിപ്പാറ | രണ്ടാം അർദ്ധവർഷം |
| 4 | സ്ററാർ പെട്രോളിയം വെന്നിയൂർ | രണ്ടാം അർദ്ധവർഷം |
| 5 | എസ് എം ഇ ജി കോളേജ് ഓഫ് അഡ്വാൻ സ്ററഡീസ് ചെമ്മാട് | രണ്ടാം അർദ്ധവർഷം |
| 6 | ഷിഫ യുനാനി ആയുർവേദകളരി മർമ ചികിൽസാലയം | രണ്ടാം അർദ്ധവർഷം |
| 7 | ജി. എൽ പി എസ് വെന്നിയൂർ | രണ്ടാം അർദ്ധവർഷം |
| 8 | ഇമ്രാൻസ് ഹോസ്പിററൽ ചെമ്മാട് | രണ്ടാം അർദ്ധവർഷം |
| 9 | സുദർശൻ സോ മിൽ കക്കാട് | ഒന്നാം അർദ്ധവർഷം |
| 10 | ആധാർ ഗോൾഡ് ചെമ്മാട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |

**2.സ്ഥാപന തൊഴിൽനികുതി ഈടാ്ക്കിയില്ല.**

താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ചെമ്മണ്ണൂർ ഇൻറർനാഷണൽ ജ്വല്ലേഴ്സ് ചെമ്മാട് | ഒന്നം രണ്ടും അർദ്ധവർഷങ്ങൾ |
| | | |

| | | |
|---|---|---|
| 2 | തേജസ് പെട്രോളിയം ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | കോലത്ത് പെട്രോളിയം ഏജൻസി , കക്കാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ശ്രീ ഗോകുലം ചിറ്റ്സ്& ഫൈനാൻസ് ലിമി. ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | സൌത്ത് ഇൻഡ്യൻ ബാങ്ക് ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | എം കെ ഹാജി ഓരഫനേജ് ഹോസ്പിററൽ, തിരൂരങ്ങാടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | കോട്ടയ്ക്കൽ കോ- ഓപ്പറേററിവ് അർബൻ ബാങ്ക് ,ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പറേററീവ് ലിമി. ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ചെമ്മാട് ക്രെഡിററ്സ്& ഇൻവെസ്ററ്മെന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | തിരൂരങ്ങാടി കോ ഓപ്പറേററീവ് അഗ്രിക്കൾച്ചറൽ &റൂറൽ ഡെവ ലപ്പ്മെന്റ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | ലൈലാസ് ഹോസ്പിററൽ ,ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | മണപ്പുറം ഫിനാൻസ് ലിമി.ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് ,ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | സീനത്ത് സിൽക്കസ് &സാരീസ് , ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | സ്ററാർ പെട്രോളിയം വെന്നിയൂർ | രണ്ടാം അർദ്ധവർഷം |
| 16 | ഇമ്രാൻസ് ഹോസ്പിററൽ , ചെമ്മാട് | ഒന്നാം അർദ്ധവർഷം |
| 17 | താജ് ഓഡിററോറിയം , ചെമ്മാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽനികുതിയും സ്ഥാപനതൊഴിൽനികുതിയും ഈടാക്കി നഗരസഭാ ഫണ്ടിലടവാക്കി വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച 21/30.10.17 നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയിട്ടുണ്ട്.

## 2-3 നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കിയില്ല.

നഗരസഭയുടെ 22-2-2014 ലെ 22092/13 നമ്പർ പെർമിറ്റ് പ്രകാരം 16-6-2015 ന് നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകുന്നതിനായി കെട്ടിട ഉടമസ്ഥൻ അപേക്ഷ നൽകിയ താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന്

നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം കണക്കാക്കി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം233 ാം വകുപ്പ് പ്രകാരമുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല.2015-16 1 ാം അർദ്ധ വർഷം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2016-17 1 ാം അർദ്ധ വർഷം മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് വിശദ വിവരം ചുവടെ.കാരണം വിശദീകരിക്കേണ്ടതാണ്.

| കെട്ടിടം ഉടമസ്ഥൻ | ഡിമാന്റ് ചെയ്ത വസ്തു നികുതി/ ലൈബ്രറി സെസ് (വാർഷികം) | ഈടാക്കേണ്ട വസ്തുനികുതി/ ലൈബ്രറി സെസ് 2015-16+2016-17 വർഷം | ഈടാക്കിയത്/ രശീതി നമ്പർ | കുറവ് PT | കുറവ് LC |
|---|---|---|---|---|---|
| ശ്രീ.അബൂബക്കർ ഹാജി മുതൽ പേർ (5/409 D) | 24089 (PT) +1204 (LC) | 24089*2=48178= 1204*2= 2408 | 24089+ 1204 Rt.No.58/5722/8-4-16 | 24089 | 1204 |
| ശ്രീ.അബൂബക്കർ ഹാജി മുതൽ പേർ (5/409 E) | 23806 (PT)+ 11190 (LC) | 23806*2=47612+ 1190*2=2380 | 23806+ 1190 Rt.No.58/5723/8-4-16 | 23806 | 1190 |
| ശ്രീ.അബൂബക്കർ ഹാജി മുതൽ പേർ (5/409 F) | 22672 (PT)+1134 (LC) | 22672*2= 45344+ 1122 *2= 2268 | 22672+ 1134 Rt.No.58/572/8-4-16 | 22672 | 1134 |
| | | | **ആകെ** | **70,567** | **3528** |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി നമ്പർ-22/30-10-17 ന് മറുപടി നൽകിയിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം കണക്കാക്കി വസ്തു നികുതി ഈടാക്കാത്തത് മൂലം നഗരസഭക്ക് 70,567 രൂപയുടെ നഷ്ടമുണ്ടായി ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി കുറവായി ഈടാക്കി.

നഗരസഭയുടെ 21-1-2015 ലെ 21054/14-15 നമ്പർ പെർമിറ്റ് പ്രകാരം 13-4-16 നിർമ്മാണം പൂർത്തീകരിച്ച് നമ്പർ

നൽകിയ താഴെ പറയുന്ന 147.5 m2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി ഈടാക്കി . കാരണം വിശദീകരിക്കേണ്ടതാണ്.

| കെട്ടിടം ഉടമസ്ഥൻ | ഡിമാന്റ് ചെയ്ത വസ്തു നികുതി/ലൈബ്രറി സെസ് | ഈടാക്കേണ്ട വസ്തുനികുതി/ ലൈബ്രറി സെസ് | ഈടാക്കിയത്/ രശീതി നമ്പർ | കുറവ് PT | കുറവ് LC |
|---|---|---|---|---|---|
| ശ്രീ.റസാഖ് മേലേപുറത്ത് (3/2B) | 1869 (PT) +94 (LC) | 1869+94 | 935+47 Rt.No.03193/ 26-7-16- | 934 | 47 |
| ശ്രീ.റസാഖ് മേലേപുറത്ത് (3/2C) | 1869 (PT) +94 (LC) | 1869+94 | 935+47 Rt.No.03199/ 26-7-16- | 934 | 47 |
| ശ്രീ.റസാഖ് മേലേപുറത്ത് (3/2D) | 2148 (PT)+108 (LC) | 2148+108 | 1074+54 Rt.No.03200/ 26-7-16- | 1074 | 54 |
| ശ്രീ.റസാഖ് മേലേപുറത്ത് (3/2E) | 2141 (PT)+ 108 (LC) | 2141+108 | 1071 +54 Rt.No.03201/ 26-7-16- | 1071 | 54 |
| ശ്രീ.റസാഖ് മേലേപുറത്ത് (3/2F) | 2142 (PT)+ 108 (LC) | 2142+108 | - | 2142 | 108 |
| ശ്രീ.റസാഖ് മേലേപുറത്ത് (3/2G) | 540 (PT)+ 27 (LC) | 540 +27 | - | 540 | 27 |
| | | | **ആകെ** | **6695** | **337** |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി നമ്പർ-23/31-10-17 ക്ക് മറുപടി നൽകിയിട്ടില്ല. ഡിമാന്റ് ചെയ്ത വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കന്നതിലുണ്ടായ വീഴ്ചമൂലം നഗരസഭക്കുണ്ടായ നഷ്ടം6695 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല.

നഗര സഭയിലെ താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും 2016-17വർഷത്തിൽ സർക്കാർ ഉത്തരവ് (അ)നമ്പർ17/2011ത.സ്വ.ഭ.വ തിയതി14-01-2011,നഗരസഭയുടെ26-11-2015 ലെ നഗരസഭ

തീരുമാനം എന്നിവ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു.കാരണം വിശദീകരിക്കേണ്ടതാണ്.

| ടവർ | ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റ് ചെയ്ത ലൈബ്രറി സെസ് | ആകെ | അഭിപ്രായം |
|---|---|---|---|---|
| ഭാരതി ഇൻഫ്രാ-ടെൽ ലിമിറ്റഡ്(4/266A) | 6000 | 300 | 6300 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ടാറ്റാ ടെൽ ഇൻഫോ സർവ്വീസ്ലിമിറ്റഡ് (4/493F) | 4950 | 248 | 5198 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| എെഡിയ സെല്ലുലാർ ലിമിറ്റഡ്(5/133A) | 6000 | 300 | 6300 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| റിലയൻസ് ഇൻഫോ കോം ലിമിറ്റഡ്(5/1184A) | 3500 | 175 | 3675 | 2016-17 രണ്ടാം അർദ്ധ വർഷം മാത്രം. |
| ടാറ്റാ ടെൽ ഇൻഫോ സർവ്വീസ്ലിമിറ്റഡ് (6/338A) | 6000 | 300 | 6300 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(12/228D) | 11000 | 550 | 11550 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(14/267J) | 14202 | 711 | 14913 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്(14/538X) | 14696 | 735 | 15431 | 2013-14 വർഷം മുതൽ ഈടാക്കിയിട്ടില്ല |
| **ആകെ** | **66,348** | **3319** | **69667** | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി നമ്പർ-19/28-10-17 ന് മറുപടി നൽകിയിട്ടില്ല. വസ്തു നികുതി ഈടാക്കി വിവരം ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

# 2-6 വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

നഗരസഭ സമർപ്പിച്ച 2016-17വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ ലൈബ്രറി സെസ് അടക്കം83,93,721(തൻവർഷം=69,60,007+അരിയർ =14,33714) രൂപ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.വസ്തു നികുതി പിരവ് കൂടുതൽ കാരക്ഷ്യമമാക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>ഭാഗം -3</u>

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു:

സെക്രട്ടറി, നിർവ്വഹണം നടത്തിയ താഴെ പറയുന്നപദ്ധതികൾക്കായി ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിററ്ചെയ്തിട്ടുണ്ട്.എന്നാൽഇവയുടെ വിനിയോഗ/പൂർത്തീകരണ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല. ഡയാലിസിസ് സെന്ററിനും IKM നും നൽകിയ തുകകൾക്ക് കൈപ്പററ് രശീതി ഹാജരാക്കിയില്ല. ഓഡിററ് എൻക്വയറി 13/25.10.2017 പ്രകാരം വിശദീകരണം തേടിയിട്ടുണ്ട്. ചെലവു തുക 47,59,768/രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്..

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ ബിൽ നമ്പർ തീയതി | വിവരണം | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 21600995/3.3.17 | പ്രോജക്റ്റ്നം.124/17ഐ.കെ.എം.വിഹിതം നൽകിയത്. | 65368/- | എക്സി.ഡയറക്ടർ, ഐ.കെ.എം |
| 2 | 21600566/1.11.16 | പ്രോജക്റ്റ്നം..129/17വയോമിത്രം പദ്ധതിയ്ക്ക് തദ്ദേശസ്ഥാപന വിഹിതം നൽകിയത്. | 10,00,000/- | എക്സി. ഡയരക്ടർ, സാമൂഹ്യ സുരക്ഷിതത്വ മിഷൻ,തിരുവനന്തപുരം. |
| 3 | 21600828/31.1.17 | പ്രോജക്റ്റ് നമ്പർ s0165/17 നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീററ് മെയിൻ വലിക്കൽ. | 4,83,400/- | -അസി..എഞ്ചിനീയർ, ഇലസെക്ഷൻ,KSEB, തിരൂരങ്ങാടി. |
| 4 | 21601056/13.3.17 | പ്രോജക്റ്റ് നമ്പർ s0166/17 നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ KWA പൈപ്പ് ലൈൻ നീളം കൂട്ടലും അഭിവൃദ്ധിപ്പെടുത്തലും. . | 6,89,768/- | -എസക്സി. എഞ്ചിനീയർ, KWA,മലപ്പുറം. |
| 5 | 21601126/17.3.17 | പ്രോജക്റ്റ് നമ്പർ S166/17lനഗരസഭയുടെ വിവിധ ഭാഗങ്ങളിൽ KWA പൈപ്പ് ലൈൻ നീളം കൂട്ടലും അഭിവൃദ്ധിപെപടുത്തലും | 8,71,232/- | --ടി -- |
| 6. | 21601276/29.3.17 | പ്രോജക്റ്റ് നമ്പർ SO231/17 താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിററിന് തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം ഒടുക്കിയത് | 5,00,000/- | മാനേജ്മെന്റ് കമ്മിററി, തിരൂരങ്ങാടി താലൂക്ക് ഡയാലിസിസ് സെന്റർ, തിരൂരങ്ങാടി. |
| 7 | 21601277/29.3.17 | പ്രോജക്റ്റ് നം.233/17 തെരുവു വിളക്കുകൾക്ക് സ്ട്രീററ് മെയിൻ വലിക്കൽ | 10527/-- | .അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, KSEB, തിരൂരങ്ങാടി.. |
| 8 | 21601323/31.3.17 | --ടി -- | 1,40,417/- | --ടി -- |
| 9 | 21601350/31.3.17 | --ടി-- | 9,99,056/- | --ടി -- |
| ആകെ | | | 47,59,768/- | |

## 3-2 ലീവ് ട്രാവൽ കൺസഷൻ - മുൻകൂർ തുക കൈപ്പററി- ക്രമീകരണ വിവരം ലഭ്യമാക്കിയില്ല:-

ശ്രീ. കോയ വെള്ളക്കാൻതൊയി, സെക്രട്ടറി വൗച്ചർ നമ്പർ 21600414/7.9.16 പ്രകാരം 31,665/- രൂപ ലീവ്

ട്രാവൽ കൺസഷൻ മുൻകൂർ ഇനത്തിൽ കൈപ്പററിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ D6/5874/2016 തീ.3.9.16 പ്രകാരമുള്ള ഉത്തരവിൽ ടിയാൻ ഭാര്യ, അവിവാഹിതരായ രണ്ട് പുത്രന്മാർ, ഒരു പുത്രി എന്നിവരോടൊപ്പം 17.9.16 മുതൽ 1.10.2016വരെയുള്ള കാലയളവിൽ പതിനാലു ദിവസം പരിവർത്തിത അവധിയെടുത്ത് ആഗ്ര, ന്യൂഡൽഹി, ചണ്ഡീഗഡ്, മണാലി എന്നീ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യാനുള്ള അനുമതിയ്ക്കും മുൻകൂർ തുകയ്ക്കും അപേക്ഷിച്ചതായും സൂചിപ്പിച്ചിട്ടുണ്ട്. ടിയാന്റെ സേവനപുസ്തകത്തിൽ വിവരം രേഖപ്പെടുത്തിയതായും ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 7.9.16ന് മുൻകൂർ തുക കൈപ്പററിയെങ്കിലും ക്രമീകരണരേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.മുൻകൂറായി കൈപ്പററുന്ന തുക മൂന്നുമാസത്തിനകം ക്രമീകരിച്ചില്ലെങ്കിൽ ജി.ഒ.(പി)419/2011/ധനംതീ.4.10.2011 പ്രകാരം 18% പലിശകൂടി ചേർത്ത് ഒടുക്കേണ്ടതാണ്.(ഓഡിററ് എൻക്വയറി നമ്പർ 16/26.10.2017 പ്രകാരം വിശദീകരണം തേടിയിട്ടുണ്ട്.)

## 3-3 മുൻകൂർ തുക കൈപ്പററി മരുന്നുകൾ വൈകി ലഭ്യമാക്കുന്നു- GST യും ഈടാക്കി--തുക തടസ്സം ചെയ്യുന്നു(87,673/-രൂപ)

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി പ്രോജക്ട് നമ്പർ S0062/17പ്രകാരം 6,00,000/-രൂപ വകയിരുത്തിയിരുന്നു. (വി.ഫ.5,76,000/-+ ധനകാര്യ കമ്മീഷൻ ഗ്രാന്റ് :24,000/-).ബിൽ നമ്പർ 51/16-17 തീ.31.12.2016 പ്രകാരം 5,00,000/-രൂപയും 63/16-17തീ.30.3.17 പ്രകാരം 76,000/-രൂപയും 64/16-17 തീ. 30.3.17 പ്രകാരം 24,000/-രൂപയും പിൻവലിച്ച് (ഡി.ഡി.നമ്പർ.732215/5.1.17 പ്രകാരം 5,00,000/-രൂപയും 1,00,000/- രൂപ 30.3.17ന് )ഔഷധി മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്കും നൽകി. ആയതിന് കൈപ്പററ് രശീതി ലഭിച്ചിട്ടുണ്ട്.10.1.2017,8.4.2017 തീയതികളിൽ മെഡിക്കൽ ഓഫീസറും ഔഷധി മാനേജിംഗ് ഡയറക്ടറും കരാറുടമ്പടിയും വെച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 13160/ഡി.എ-1/2010/ത.സ്വ.ഭ.വ.28.11.2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കിയില്ലെങ്കിൽ കരാർ വ്യവസ്ഥ പ്രകാരം ഔഷധി നഷ്ടപരിഹാരം നൽകണം. എന്നാൽ മരുന്നു വൈകി ലഭ്യമാക്കുകയും നഗരസഭയുടേതല്ലാത്ത വീഴ്ചയ്ക്ക് 12% ജി.എസ്.ററി.യും ഈടാക്കിയിട്ടുണ്ട്.ഇത് ക്രമത്തിലല്ല.24.2.17, 23.4.17,18.817,26.817,8.10.17തീയതികളിലായി 5,30187രൂപയുടെ ബില്ലുകൾ ലഭിച്ചിട്ടുണ്ട്.ടി ചെലവിൽ 11,310/-രൂപ ജി.എസ്.ററി.12% നിരക്കിൽ പെട്ടിട്ടുണ്ട്. ടി തുക ക്രമവിരുദ്ധമാകയാൽ 11,310/രൂപയ്ക്കുള്ള മരുന്നുകൂടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹാജരാക്കിയ ബില്ലിൽ ഉൾപ്പെട്ട യോഗരാജഗുൽഗുലു ഗുളിക 100 എണ്ണം ഡിസ്പെൻസറിയിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവുതുക 6550/-രൂപയ്ക്കുകൂടി മരുന്നുലഭ്യമാക്കേണ്ടതാണ്. കൂടാതെ ഓഡിററ് തീയതിയിൽ 69,813/-രൂപയുടെ മരുന്ന് ലഭിക്കാനവശേഷിക്കുന്നുമുണ്ട്. ആകയാൽ ആകെ 87,673/-രൂപയുടെ (11310 +6550+69813) ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിററ് എൻക്വയറിക്ക് (നമ്പർ 5/20.10.17) തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 3-4 തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു:-

പ്രോജക്ട് നമ്പർ s0209/17തെരുവു നായ പ്രജനന നിയന്ത്രണ പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും വകയിരുത്തിയ 100000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വെററിനറി ഡോക്ടർ സർക്കാർ ഉത്തരവ് നമ്പർ10108/2016/Fin 30.12.2016 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണവകുപ്പ് മലപ്പുറത്തിന് കൈമാറിയിട്ടുണ്ട്. ബിൽ നമ്പർ 2/16-17 തീ.22.3.2017പ്രകാരം പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പർ 799011400000305 ലേയ്ക്ക് തുക കൈമാറിയതിന് കൈപ്പററ് രശീതി ഹാജരാക്കിയിട്ടുണ്ട്. ഓഡിററ് എൻക്വയറി നമ്പർ2/19.10.2017 പ്രകാരം വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കാൻ നിർദ്ദേശിച്ചെങ്കിലും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കുന്നതാണെന്നറിയിച്ചു. ചെലവു തുക 100000/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

# 3-5 അരിയർ ശമ്പളം പണമായി നൽകി- ആനുപാതിക പെൻഷൻ അംശദാനം ഒടുക്കിയില്ല:-

സെക്രട്ടറി ശ്രീ.കോയ വെള്ളക്കാൻതൊടിയ്ക്ക് സർക്കാർ ഉത്തരവ് (പി)നമ്പർ 7/2016/ധനം 20.1.2016 പ്രകാരമുള്ള 2/16,3/16 കാലയളവിലെ അടിസ്ഥാന ശമ്പള വർദ്ധനവിനെ തുടർന്നുള്ള അരിയർ തുക വൗച്ചർ നമ്പർ 21600067/28.4..16 പ്രകാരം16940/-രൂപ പണമായി നൽകിയിട്ടുണ്ട്. അടിസ്ഥാന ശമ്പളം ടി കാലയളവിൽ 25280/- രൂപയിൽ നിന്നും 52800/- രൂപയായി വർദ്ധിച്ചിട്ടുണ്ട്.എന്നാൽ ശമ്പള വർദ്ധനവിനാനുപാതികമായി ഒടുക്കേണ്ട പെൻഷൻ അംശദാനം 15% (27520 X 2 X15%) 8256/- രൂപ ഒടുക്കിയില്ല. 8256/- രൂപ 12% പിഴപ്പലിശ സഹിതം ഒടുക്കേണ്ടതാണ്. പിഴ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കോയ വെള്ളക്കാൻതൊടിയിൽ നിന്ന് ഈടാക്കേണ്ടതാണ്.ഓഡിററ് എന്ക്വയറി നമ്പർ 17/26.10.2017 പ്രകാരം നിർദ്ദേശം നൽകിയി'ട്ടുണ്ട്.

# 3-6 ഹോമിയോമരുന്നുകൾക്ക് മുൻകൂർ തുക നൽകി - മരുന്ന് വൈകി ഭാഗീകമായി ലഭ്യമാക്കി-12%GST/യും-തുക തടസ്സം ചെയ്യുന്നു:-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. S0049/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതിക്കായി MG(NR) ൽ നിന്ന് വകയിരുത്തിയ 2,00,000/- രൂപയും കരാറുടമ്പടി വെക്കാതെ ഡിഡി നമ്പർ 732103/26.12.2016 പ്രകാരം മാനേജിംഗ് ഡയറക്ടർ ഹോംകോ ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രോഫോർമ് ഇൻവോയ്സിൽ സൂചിപ്പിക്കാത്ത ജി.എസ്.ററി. 12% നിരക്കിൽ ഈടാക്കിയിട്ടുണ്ട്. ആകെ ഹാജരാക്കിയത് 127352/-രൂപയുടെ ബില്ലാണ്. അതിൽ 113185/-രൂപടുടെ മരുന്നുകൾക്ക് 14166.84രൂപ ജി.എസ്.ററി.12% നിരക്കിൽ ഈടാക്കി. നഗരസഭ മുൻകൂർ തുക നൽകിയിട്ടും നഗരസഭയുടേതല്ലാത്ത വീഴ്ചയ്ക്ക് അന്ന് നിലവിലില്ലാതിരുന്ന നികുതി ഈടാക്കിയത് ക്രമത്തിലല്ല. ആകെ (72648 + 14167)86815/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 86815/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. (ഓഡിററ് എൻക്വയറി നമ്പർ 1/19.10.2017 പ്രകാരം വിശദീകരണം തേടിയിട്ടുണ്ട്.) പദ്ധതി നടത്തിപ്പിലുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-7 വ്യക്തിഗത ഗാർഹിക കംപോസ്ററ് യൂണിററ് നിർമ്മാണം- പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല:-

പ്രോജക്ട് നമ്പർ 178/17വ്യക്തിഗതഗാർഹിക കംപോസ്ററ് നിർമ്മാണ പദ്ധതിക്കായി ആകെ 18,00,000/-രൂപ (തനതു ഫണ്ട് 2,70,000/-+ 15,30,000 ശുചിത്വ മിഷൻ ഗ്രാന്റ്,ഗുണഭോക്തൃവിഹിതം)വകയിരുത്തിയിരുന്നു.പദ്ധതി പ്രകാരം 1912 യൂണിററുകൾക്ക് പൈപ്പ്കംപോസ്ററ് ഉണ്ടാക്കുന്നതിനായി 17,20,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിററ് ഫൗണ്ടേഷന്റെ 30.3.2017 ലെ കത്തിൽ 1247 വീടുകൾക്ക് പൈപ്പുകൾ ഇറക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചതായും 665 വീടുകൾക്ക് പൈപ്പുകൾ ഇറക്കുന്നതിനുള്ള പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ച് 50%കൈപ്പററിയതിന് ശേഷമുള്ള തുക ആവശ്യപ്പെടുകയും നഗരസഭ ആ കത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക കൂടി നൽകുകയും ചെയ്തു. എത്ര ഗുണഭോക്താക്കൾക്ക് പൈപ്പ് കംപോസ്ററ് ലഭിച്ചു എന്നതിന്റെ വിവരമോ മോണിററിംഗ് സമിതി റിപ്പോർട്ടോ ഫയലിൽ ഇല്ല.രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറി നമ്പർ 14/23.10.2017ന് മറുപടിയും ഹാജരാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവുതുക 17,20,800/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

ചെലവിന്റെ വിവരം:-

| വൗച്ചർ നമ്പർ /തീയതി | തുക | വിവരണം | റിമാർക്സ് |
|---|---|---|---|
| 21601057/13.3.17 | 86,040 | ഗുണ.വിഹിതം | 50% മുൻകൂർ |

| | | | |
|---|---|---|---|
| 21601058/13.3.17 | 1,29,060 | നഗരസഭാവിഹിതം | --ടി-- |
| 21601059/13.3.17 | 6,45,300/- | ശുചിത്വമിഷന്ട് ഫണ്ട് | --ടി-- |
| 21601311/31.3.17 | 86,040 | ഗുണ.വിഹിതം | അന്തിമ ബിൽ |
| 216001312/30.3.17 | 1,29,060 | നഗരസഭാവിഹിതം | --ടി-- |
| 21601313/31.3.17 | 6,45,300 | ശുചിത്വമിഷൻ ഫണ്ട് | --ടി-- |
| ആകെ | 17,20,800/- | | |

## 3-8 തെരുവു വിളക്ക്, തെരുവു ടാപ്പ് -സംയുക്തപരിശോധന നടത്തിയില്ല:-

2016-17 കാലയളവിൽ തെരുവ്യ വിളക്കുകൾക്ക് KSEB തിരൂരങ്ങാടി, KSEB വെന്നിയൂർ എന്നിവിടങ്ങളിലായി കറണ്ട് ചാർജ്ജിനത്തിൽ 49735/-രൂപ (ഹൈമാസ്ററ് ലൈററ്ന് കൂടാതെ) പ്രതിമാസം ഒടുക്കി വരുന്നുണ്ട്.4.3.2014 ന് നടത്തിയ സംയുക്ത പരിശോധനയിൽ ആകെ 1099 വിളക്കുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.(SVL 150 W:28, CFL 1 X85 W :104, Tube 1 X40W:25, CFL 1X20W:130, CFL 2X15W:719, CFL 2X11W:93=1099)അതിനുശേഷം തുടർ വർഷങ്ങളിൽ ലൈററുകൾ വീണ്ടും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സംയുക്തപരിശോധന നടത്തി പ്രവർത്തനനിരതമായവ എത്രയെന്ന് സ്ഥിരീകരിച്ചിട്ടില്ല.

സംയുക്തപരിശോധന നടത്തി പ്രവർത്തനനിരതമായവ സ്ഥിരീകരിക്കേണ്ടതും പ്രവർത്തനരഹിതമായവയ്ക്കു തുക ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

തെരുവ്യ ടാപ്പ്:-

കേരളാ വാട്ടർ അതോറിററി മലപ്പുറത്തിന് 291 ടാപ്പിന് 1,91,187/-രൂപയും കേരളാ വാട്ടർ അതോറിററി എടപ്പാളിന് 657/-രൂപയും പ്രതിമാസം ഒടുക്കി വരുന്നുണ്ട്.സംയുക്തപരിശോധന നടത്തി പ്രവർത്തന നിരതമായവ സ്ഥിരീകരിക്കേണ്ടതാണ്.

ഓഡിററ് എൻക്വയറി നമ്പർ 15/26.10.2017 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## 3-9 ആശ്രയ പ്രോജക്ട് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം) രണ്ടാം ഘട്ടപദ്ധതി എന്നിവ വീടു നിർമ്മാണവും ഭക്ഷണ വിതരണവും മാത്രമായി ചുരുങ്ങി

സ.ഉ( എം എസ്)ന 4/2016ത.സ്വ.ഭ.വ തീയതി 11.1.16പ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിതകാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള് ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യനിർമാർജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവനപാക്കേജ് പരിഗണിച്ച് , ഒരു ആശ്രയ പദ്ധതിതയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.തിരൂരങ്ങാടി നഗരസഭയിൽ 2011-14 കാലയളവിൽ ആശ്രയ ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കിയിരുന്നു. 2015-18 കാലയളവിലേക്ക് തുടർസേവന പദ്ധതി സ.ഉ. (സാധാ.)നമ്പർ 1730/2016/ത.സ്വ,ഭ.വ. 23.5.2016 പ്രകാരം അംഗീകാരം ലഭിച്ചു. 32,95,003/-രൂപ അടങ്കലുള്ള പദ്ധതിക്ക് പഞ്ചായത്ത് വിഹിതം 23,38,401/-രൂപയും കുടുംബശ്രീ വിഹിതം 9,07,102/- രൂപയും സ്പോൺസർഷിപ്പ് 49500/-രൂപയും വകയിരുത്തിയിരുന്നു. അഞ്ച് ഗുണഭോക്താക്കൾക്ക് വീടിനും 47 പേർക്ക് ഭക്ഷണത്തിനുമായി ലക്ഷ്യമിട്ടിരുന്നു. സ്പോൺസർഷിപ്പ് ലഭിച്ചില്ല. ആകെ 2016-17 ൽ 8,30,100/-രൂപ ചെലവഴിച്ചു.വീടിനായി ധനസഹായം ലഭിച്ച 5 പേരിൽ രണ്ട് ഗുണഭോക്താക്കൾ അടങ്കൽ തുക 2,25,000/-

രൂപയിൽ മൂന്ന ഗഡു കൈപ്പററി (1,75,000/-വീതം) വീട്ട നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. (ശ്രീമതി.തിത്തു, ശ്രീമതി.സുലേഖ കറുത്തോൻ എന്നിവർ).

ആശ്രയ രണ്ടാം ഘട്ട പദ്ധതി (2015-18)സ.ഉ.(സാധാ)നമ്പർ 363/2016/ത.സ്വ.ഭ.വ. 29.1.2016 പ്രകാരം രണ്ടാം ഘട്ട ആശ്രയപദ്ധതിക്ക് അംഗീകാരം ലഭിച്ചു. 34,12,150/-രൂപഅടങ്കലുള്ള പദ്ധതിക്കായി പഞ്ചായത്ത് വിഹിതം 21,30,000/-രൂപയും കുടുംബശ്രീ മിഷൻ വിഹിതം 11,91,400/-രൂപയും സ്പോൺസർഷിപ്പ് 90750/- രൂപയും വകയിരുത്തിയിരുന്നു. 8 പേർക്ക് വീടിനും 86 പേർക്ക് ഭക്ഷണത്തിനും 75 പേർക്ക് ചികിത്സക്കും 24 പേർക്ക് വിദ്യാഭ്യാസത്തിനും 32 പേർക്ക് സ്പോൺസർഷിപ്പിലൂടെ വസ്ത്രത്തിനും ലക്ഷ്യമിട്ടിരുന്നു. സ്പോൺസർഷിപ്പ് ലഭിച്ചില്ല. 2016-17 കാലയളവിൽ 25,000/- രൂപ മാത്രം ചെലവഴിച്ചു. (ശ്രീമതി.കമലാക്ഷി എന്ന ഗുണഭോക്താവിന് വീട്ട നിർമ്മാണത്തിനായി ഒന്നാം ഗഡു നൽകിയത് മാത്രം)

കേരളാ ഗ്രാമീൺ ബാങ്ക് തിരൂരങ്ങാടി ശാഖയിൽ A/c No. 40275101060656 ൽ 31.3.17ന് 8,72,133/-രൂപ നീക്കിയിരിപ്പുണ്ട്.ആശ്രയ എന്ന പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം നൽകി അഗതികൾക്ക് പരമാവധി ആശ്വാസം നൽകാൻ ഓഡിററിൽ നിർദ്ദേശിക്കുന്നു.

(ടി കാലയളവിൽ സ്ഥാപനം പഞ്ചായത്തായിരുന്നു)

# 3-10 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

നിർവഹണം പ്രൊജക്ട് ഓഫീസർ ( നഗരദാരിദ്ര്യ നിർമാർജനസെൽ)

പ്രൊജക്ട് ഭവനനിർമ്മാണം (ജനറൽ)

നമ്പർ 170/17( സ്പിൽ ഓവർ പ്രൊജക്ട്)

അടങ്കൽ 3040000 (തനതു ഫണ്ട്)

മേൽപ്രൊജക്ട് പ്രകാരം ഭവനനിർമ്മാണത്തിനവേണ്ടി 25 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിൽ 23 പേർ വീട്ടപണി പൂർത്തിയാക്കിയിട്ടുണ്ട് . എന്നാൽ താഴെപ്പറയുന്ന വ്യക്തികൾ ആദ്യ ഗഡു കൈപ്പററിയിട്ടും നാളിതുവരെയായിട്ടും വീട്ടപണി പൂർത്തിയാക്കിയിട്ടില്ല . വിശദവിവരം താഴെചേർക്കുന്നു

| പേര് | ചെക്ക് നം /തീയതി | തുക |
|---|---|---|
| മൈമൂനത്ത് മനരിയ്ക്കൽ | 722967/6.4.16 | 60000 |
| ജുബൈന ചെമ്പ | 728306/6.4.16 | 60000 |

ഇതു സംബന്ധിച്ച് 8/23.10.17 നമ്പറായി ഓഡിറ്റ് എൻക്വയറിനൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട്ടപണി പൂർത്തീകരിയ്ക്കുകയോ, കരാറുടമ്പടി പ്രകാരമുള്ള തുടർനടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യേണ്ടതാണ്.

# 3-11 അർഹത തെളിയിയ്ക്കുന്ന രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് ഓഫീസർ (നഗരദാരിദ്ര്യനിർമാർജനസെൽ) നിർവഹണം നടത്തിയ താഴെ പ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം 5 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. എ പി എൽ വിഭാഗത്തിൽപ്പെട്ടവർക്കാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ടി ഗുണഭോക്താക്കൾ ആനുകൂല്യം ലഭിയ്ക്കുന്നതിനുള്ള അർഹത തെളിയിയ്ക്കുന്നതിനു വേണ്ട വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പരും പേരും | ഗുണഭോക്താവിന്റെ പേര് | കൈപ്പററിയ തുക |
|---|---|---|---|
| 1 | വീട് പുനരുദ്ധാരണം | ബേബി പുല്ലം കുന്നത്ത് | 25000 |

| | | | |
|---|---|---|---|
| 2 | 37/16-17 | സാബിറ നമ്പം കുന്നത്ത് | 25000 |
| 3 | വീട് പുനരുദ്ധാരണം<br>169/16-17,( SCP) | സുലൈഖ | 25000 |
| 4 | വീട് പുനരുദ്ധാരണം<br>171/16-17( വനിത) | ഹാജിറ കുഴിമണ്ണിൽ | 25000 |
| 5 | കക്കൂസ് നിർമാണം (177/16-17) | രാധമ്മ. കെ | 13400 |

**113400/**

ഇതു സംബന്ധിച്ച നൽകിയ 07/23.10.17 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ചെലവു തുക തടസ്സം ചെയ്യുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

# 3-12 പരിരക്ഷ പദ്ധതി അപാകതകൾ

നിർവ്വഹണം.സൂപ്രണ്ടന്റ് താലൂക്ക് ആശുപത്രി തിരൂരങ്ങാടി

| ക്രമ നം. | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| 1 | 179802 | 1/8-2-17 |
| 2 | 191197 | 2/20-3-17 |
| 3 | 29071 | 3/22-3-17 |
| 4 | 95993 | 4/21-3-17 |
| **ആകെ** | **4,96,063** | |

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും സൂപ്രണ്ടന്റ് താലൂക്ക് ആശുപത്രി നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0 0061/2017 "പരിരക്ഷ" പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഒരേ സാമ്പത്തീക വർഷത്തിന് രണ്ട് തരം അകൗണ്ടുകൾ സൂക്ഷിക്കുന്നതായി കണ്ടു.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. 2016 ഫെബ്രുവരി ,മാർച്ച് മാസത്തേക്ക് 500*2 രൂപ വീതം ആകെ 1000- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 5/ 17 /21-3-17 വൗച്ചർ നമ്പർ-2/15-16/21-3-17,16/15-16/21-3-17)

4. ബിൽ നം.2/17തി.20.3.17 പ്രകാരം കെ.എം.എസ്.സി.എൽ. നു 1,50,000 രൂപ മുൻകൂർ ആയി നല്കിയെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മുൻകൂർ നല്കുമ്പോൾ ചമക്കേണ്ട കരാറിന്റെ വിവരങ്ങളും ലഭ്യമല്ല. ഈ വിഷയം

ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ24/31-10-17 ന് മറുപടി നൽകിയിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

5. പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

6. മാർഗ്ഗരേഖ ഖ.2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല." ആയത് പാലിച്ചിട്ടില്ല.*

*7.* മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.*

8. ബിൽ നം4/17.തി.21-3-17പ്രകാരം 95993 രൂപ പിൻ വലിച്ചിട്ടുണ്ടെങ്കിലും 44100 മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.ബന്ധപ്പെട്ട സെക്ഷൻ നേരിട്ട് ഹാജരായെങ്കിലും ബാക്കിയുള്ള 51893 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ24/31-10-17 ന് മറുപടി നൽകിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 51893 രൂപ തടസ്സം ചെയ്യുന്നു.

# 3-13 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2016-17 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള നഗരസഭ വിഹിതം ഇനത്തിൽ ₹ 15,00,000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (64/17) | ₹ 15,00,000 | 1/16-17 തി.18.02.2017 |

ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) SSA നൽകിയ പ്രൊജക്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2)കൈപറ്റ് ലഭ്യമാക്കിയിട്ടില്ല.

ബിൽ പ്രകാരം 15,00,000 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും നിർവഹണ ഉദ്യോഗസ്ഥനായ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ഒപ്പുവെച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 1,50,000 രൂപ മാത്രമേ SSA യുടെ പേരിലുള്ള കനറാ ബേങ്ക് അകൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ളൂ. തുകSSA കൈപറ്റിയതിന്റെ രേഖകൾ ലഭ്യമല്ല.

3) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 തി. 11.01.16, ഖണ്ഡിക11.6.ii പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭ അധികാരികളും,

നഗരസഭയിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് നഗരസഭയിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നഗരസഭയുടെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്.പ്രൊജക്ട് തദ്ദേശ സ്വയംഭരണ ഭരണ സമിതി അംഗീകരിക്കണം എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

4) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ നഗരസഭക്ക് നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/20-10-17 ന്നൽകിയ മറുപടിയിൽ കൈപറ്റ് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. ചെലവു തുക തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

# 3-14 ശാരീരിക – മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവഹണം നടത്തിയ പ്രോജക്ട് നം. 69/17 മുഖേന, ശാരീരിക – മാനസിക വൈകല്യമുള്ള 15 1വിദ്യാർത്ഥികൾക്ക് വികസന ഫണ്ടിൽ നിന്ന് 11,99,990 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.(ട്രഷറി ബിൽ നം. 4/16-17 തിയതി: 29.03.17). എന്നാൽ ഓരോരുത്തർക്കും അർഹമായ തുക പൂർണമായി നൽകിയിട്ടില്ല.

2016-17 വാർഷിക പദ്ധതി മാർഗരേഖയായ സ.ഉ (എം.എസ്) 4/2016/തസ്വഭവ തിയതി: 11.01.2016 ഖണ്ഡിക 5.8 ൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ പ്രതിപാദിച്ചിട്ടുണ്ട്.

ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാൻഡേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4 / നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് / ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി / സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 19000 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 20000രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

2016-17 ൽ നഗരസഭ നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ ലഘു വിവരണം താഴെ കൊടുക്കുന്നു.

1) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹമായ തുക | വിതരണം ചെയ്ത തുക | കുറവ് |
|---|---|---|---|---|
| 1-4 / നഴ്സറി ക്ലാസ്സ് | 15 | [(400x12)+500]x15 = 79500 | 5300x15=79500 | - |
| 5-8 | 9 | [(500x12)+600]x9 = 59400 | 5300x9= 47700 | 11700 |
| 9,10,+1,+2 | 17 | [(600x12)+800]x17 = 1,36,000 | 7010x17=1,19,170 | 16830 |
| വൊക്കേഷണൽ പരിശീലനം | 1 | [(1000x12)+1500 = 13500 | 7010 | 6490 |
| ബിരുദം | 1 | [(800x12)+1000= 10600 | 7010 | 3590 |
| ആകെ | 43 | 2,99,000 | 260390 | 38610 |

2)മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്

| കുട്ടികളുടെ എണ്ണം | അർഹമായ തുക | വിതരണം ചെയ്ത തുക | കുറവ് |
|---|---|---|---|
| 108 | 108x19000= 20,52,000 | 108X8700=<br>9,39,600 | 11,12,400 |

സർക്കാർ അനുവദിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2016-17ൽ 11,51,010രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. അതതു കാലത്തെ സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് തുക നൽകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9/24-10-17 ന് നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചത് അംഗീകരിക്കുന്നു.

## 3-15 10 ാം തരം തുല്യത പരീക്ഷ-സാക്ഷരതാ മിഷനിലേക്ക് തുക അടവാക്കിയതിന്റെ കൈപറ്റ് ലഭ്യമാക്കിയില്ല.

നിർവ്വഹണം: ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ

പ്രൊജക്ട് : 10 ാം തരം തുല്യത (S063/2017)

ചെലവ് :30,000 (തനത് ഫണ്ട്)

കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡറക്ടറുടെ എ6-2916/16 കേ.സം.സാ.മി.അ. തിയതി 08-02-17 കത്തിൽ 10 ാം തരം തുല്യത പരീക്ഷയുമായി ബന്ധപ്പെട്ട ഫീസ് ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്ന പേരിലുള്ള എസ്.ബി.ടി ശാസ്തമംഗലം ശാഖയിലെ 57026996123 അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കി കൈപറ്റ് രസീത് വാങ്ങേണ്ടതാണ് എന്നും നിർദേശിച്ചിരുന്നു. എന്നാൽ DD No.676240302/28-03-17 പ്രകാരം 30,000 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് പ്രിൻസിപ്പലിന്റെ പേരിൽ നൽകിയിട്ടുണ്ടെങ്കിലും തുക സാക്ഷരതാ മിഷൻ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത വിവരമോ തുക സാക്ഷരതാ മിഷൻ കൈപറ്റിയ വിവരമോ ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 /20-10-17 ന് കൈപറ്റ് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.കൈപറ്റ് ലഭ്യമാക്കേണ്ടതാണ്.

## 3-16 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ, 20 mm മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവർത്തികളിൽ ഉയർന്ന നിരക്ക് അനുവദിച്ചത് വഴി അധികതുക നൽകിയതായി കാണുന്നു. റോഡ് പ്രതലത്തിൽ 1:4:8 അനുപാതത്തിൽ 40 mmമെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് മുകളിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തതിന് ഡി.എസ്.ആർ കോഡ് 11.7 പ്രകാരമുള്ള, കെട്ടിടങ്ങളുടെ ഫ്ളോറിംഗ് ചെയ്യുന്നതിനുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. ഇതിന് അനുവദനീയമായ നിരക്ക് ഡി.എസ്.ആർ കോഡ് 4.1.3 പ്രകാരമുള്ളതാണ്. ഇതനുസരിച്ച് ഒരു m3 ന് CP & OH സഹിതം 7132.43 രൂപയും CP & OH ഇല്ലാതെ 6202 രൂപയുമാണ് നൽകാവുന്നത്. പ്രവൃത്തിക്ക് നൽകിയ തുകയുടെയും നൽകാവുന്ന തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(ഏതാനും ഉദാഹരണങ്ങൾ മാത്രം)

| ക്രമ നം. | പ്രവൃത്തി | CC 1:2:4<br>തുക നൽകിയത് | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | C.H റോഡ് നിർമ്മാണം<br>പ്രോജക്ട് നം. 6/17<br>കോൺട്രാക്ടർ: ശ്രീ.E.C. മുഹമ്മദ് റാഫി (25% below E/R)<br>കരാർ നം. 97/15-16/23.09.15<br>TS No. AEE/TDI/TS/280/15-16/25.06.15<br>ട്രഷറി ബിൽ നം. 1/16-17/<br>തി: 05.11.16 | 13.38 m3<br>@7514.60<br>-25%<br>75409 രൂപ | 13.38 m3<br>@7132.43<br>-25%<br>71574 രൂപ | 3835 രൂപ |
| 2 | പത്തായക്കണ്ട് തോടിന് പാർശ്വഭിത്തി കെട്ടൽ<br>പ്രോജക്ട് നം. 22/17<br>കൺവീനർ: ശ്രീ. CK സാബിർ<br>കരാർ നം. 66/15-16/04.09.15<br>TS: AEE/TDI/TS/256/15-16/05.06.15<br>വൗച്ചർ നം. 7/16-17/20.01.17 | 19.77 m3<br>@6534.45<br>129186 രൂപ | 19.77 m3<br>@6202<br>122614 രൂപ | 6572 രൂപ |
| 3 | നവരക്കായ് CK നഗർ ലിങ്ക് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 4/17<br>കൺവീനർ: ശ്രീ. മൂസക്കുട്ടി<br>കരാർ നം. 84/15-16/18.09.15<br>TS: AEE/TDI/TS/84/15-16/18.09.15<br>വൗച്ചർ നം. 13/16-17/04.02.17 | 41.45 m3<br>@ 6534.45<br>270853 രൂപ | 41.45 m3<br>@ 6202<br>257073 രൂപ | 13780 രൂപ |

കൂടാതെ ഈ പ്രവൃത്തികളിലൊക്കെയും കോൺക്രീറ്റ് അധികകനത്തിലാണ് ചെയ്തിരിക്കുന്നത്. 1:4:8 അനുപാതത്തിൽ 40 mm മെറ്റലുപയോഗിച്ച് 10 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്തതിനു മുകളിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റലുപയോഗിച്ച് 10 സെ.മീ. കനത്തിൽ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. ഇത് ചീഫ് എഞ്ചിനീയറുടെ 28.09.15 ലെ ഡി.ബി. 4-9099/2015 നമ്പർ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അധികകനത്തിൽ കോൺക്രീറ്റ് ചെയ്തത് അധികച്ചെലവിനിടയാക്കി.

ഈ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 12/25.10.17)ക്ക് മറുപടിയായി, റോഡ് കോൺക്രീറ്റിംഗിന് ലൈൻ, ലെവൽ,ഫിനിഷിംഗ് എന്നിവയ്ക്ക് അധിക ലേബർ ആവശ്യമായതിനാലാണ് ഡി.എസ്.ആർ കോഡ് 11.7 പ്രകാരമുള്ള നിരക്ക് നൽകിയതെന്ന് വിശദീകരിച്ചു. എന്നാൽ, 2016-17 ൽ എഗ്രിമെന്റ് വച്ച റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 കോൺക്രീറ്റിംഗിന് ഡി.എസ്.ആർ കോഡ് 4.1.3 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. അതിനാൽ മേൽ മറുപടി വസ്തുതാപരമല്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-17 ഭക്ഷണസാധനങ്ങൾക്ക് അധിക വില നൽകി

2016-17 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി പൂരക പോഷകാഹാര പരിപാടി (പ്രൊജക്ട് നം.72/17) പ്രകാരം നഗരസഭയിലെ വിവിധ അംഗൻവാടികളിലേക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ വാങ്ങിയത് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചെമ്മാട് മാവേലി സ്റ്റോറിൽ നിന്നാണ്.

മാവേലി സ്റ്റോർ മുഖേന അംഗൻവാടികളിൽ വിതരണം ചെയ്ത ഭക്ഷണസാധനങ്ങളുടെ വില പരിശോധിച്ചതിൽ, പൊതു മാർക്കറ്റിലെ വിലയേക്കാൾ വളരെ ഉയർന്ന വില ഈടാക്കിയാണ് പല സാധനങ്ങളും മാവേലിസ്റ്റോർ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമായി.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | സാധനം | വില കിലോ ഗ്രാമിന് (രൂപ) | കുറിപ്പ് |
|---|---|---|---|
| 02/16 | നുറുക്ക് ഗോതമ്പ് | 38.98 | Swami's എന്ന കമ്പനിയുടെ ഉൽപന്നങ്ങളാണ് വിതരണം ചെയ്തത്. |
| | അവിൽ | 69.44 | |
| | ശർക്കര | 58.75 | |
| 06/16 | നുറുക്ക് ഗോതമ്പ് | 38.98 | Swami's എന്ന കമ്പനിയുടെ ഉൽപന്നങ്ങളാണ് വിതരണം ചെയ്തത്. |
| | നിലക്കടല | 144.48 | |
| | അവിൽ | 69.44 | |
| | ശർക്കര | 58.75 | |
| 09/16 | ശർക്കര | 70.66 | Jairose എന്ന കമ്പനിയുടെ ഉൽപന്നങ്ങളാണ് വിതരണം ചെയ്തത്. |
| | അവിൽ | 61.78 | |
| | നുറുക്ക് ഗോതമ്പ് | 39.20 | |
| | നിലക്കടല | 146.98 | |
| 12/16 | നുറുക്ക് ഗോതമ്പ് | 42.34 | Jairose എന്ന കമ്പനിയുടെ ഉൽപന്നങ്ങളാണ് വിതരണം ചെയ്തത്. |
| | നിലക്കടല | 146.98 | |
| | അവിൽ | 69.32 | |
| | ശർക്കര | 70.66 | |

അംഗൻവാടികളിലേക്ക് സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ ഉയർന്ന വിലയുള്ള ബ്രാൻഡഡ് സാധനങ്ങൾ വിതരണം ചെയ്യുന്നത് മൂലം പല സാധനങ്ങൾക്കും പൊതു മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ ഉയർന്ന വില മാവേലി സ്റ്റോറിൽ ഈടാക്കുന്ന സാഹചര്യം ഉണ്ടായി.

ഇതേ സമയം തന്നെ, ICDS സൂപ്പർവൈസർ സബല പദ്ധതിക്കു വേണ്ടി മൊറയൂർ ഹെൽത്തി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്ന് ഈ അംഗൻവാടികളിലേക്ക് ശർക്കര വാങ്ങിയത് കിലോ ഗ്രാമിന് 50 രൂപയ്ക്കാണ് എന്നത് ശ്രദ്ധേയമാണ്. എന്നാൽ ശർക്കരക്ക് മാവേലി സ്റ്റോറിൽ ഈടാക്കിയ വില 58.75 / 70.66 എന്നിങ്ങനെയാണ്.

ടൺ കണക്കിന് സാധനം വാങ്ങിയപ്പോൾ ഇതുമൂലം വൻതുകയുടെ സാമ്പത്തിക നഷ്ടമാണ് നഗരസഭക്ക് സംഭവിച്ചത്.

അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 20/ 28.10.17)ക്ക് ലഭ്യമാക്കിയ മറുപടിയിൽ, സർക്കാർ നിർദ്ദേശമനുസരിച്ചാണ് മാവേലി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങിയതെന്ന് ICDS സൂപ്പർവൈസർ വിശദീകരിച്ചു.

സിവിൽ സപ്ലൈസ് കോർപറേഷന്റെ ബൾക്ക് സെയിൽ ലിസ്റ്റിൽ പെട്ട സാധനങ്ങൾക്ക് മിതമായ വിലയാണുള്ളതെങ്കിലും കോർപ്പറേഷൻ ലോക്കൽ പർച്ചേസ് നടത്തി വിതരണം ചെയ്യുന്ന ഇനങ്ങൾക്കാണ് പൊതുമാർക്കറ്റിനേക്കാൾ ഉയർന്ന വില ഈടാക്കുന്നത്. വൻവില നൽകി ഇത്തരത്തിലുള്ള ബ്രാൻഡഡ് സാധനങ്ങൾ മാവേലിസ്റ്റോറിൽ നിന്ന് തന്നെ വാങ്ങണോ എന്ന കാര്യത്തിൽ നഗരസഭ വിശദമായ ചർച്ച നടത്തേണ്ടതും ഗുണനിലവാരമുള്ള സാധനങ്ങൾ ന്യായവിലക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽലൈൻ നീളം കൂട്ടലും അഭിവൃദ്ധിപ്പെടുത്തലും | 1)21601126 2)21601086 3)1944138 | 1561000 | 1561000 | പൂർത്തീകരിച്ച | 0 |
| കെ എസ് ഇ ബി | സ്ട്രീററ് മെയിൻ വലിയ്ക്കൽ | 26 21600828 | 483400 | 483400 | ,, | 0 |
| കെ എസ് ഇ ബി | തെരുവു വിളക്ക് സ്ട്രീററ് മെയിൻ വലിയ്ക്കൽ | 1)21601350 2)21601323 3)21601277 4)1944169 | 1150000 | 1150000 | ,, | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

**(എ) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.**

ഇല്ല

**(ബി) <u>വായ്പ തിരിച്ചടവിന്റെ വിവരം.</u>**

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 12389468 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 3150584 |
| ആകെ | 15540052 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 130004 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15410048 |

<u>2016-17വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|
| തിരൂരങ്ങാടി കോപ്പറേററീവ് ബാങ്ക് 1898918988 | 4755097 |
| | 2697404 |
| കേരള ഗ്രാമീൺ ബാങ്ക് 40275201200003 | 5275862 |
| 40275201200004 | 85365 |
| 40275141400003 | 655363 |
| 4027541300013 | 84581 |
| കനറ ബാങ്ക് 0825401001658 | 1856376 |
| ആകെ | 15410048 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11<br>11-12 | 3(15) | 2012-13 | | ദുരിതാശ്വാസനിധി- ലഘു അവലോകനം | നടപടികൾ തുടരുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 105511595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82484657 |
| വരവിനങ്ങളിലുള്ള നഷ്ടം | 77262 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8570349 |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 70567 | | ശ്രീ കോയ വെള്ളക്കാൻതൊടി,സെക്രട്ടറി |
| 2-4 | 6695 | | ശ്രീ കോയ വെള്ളക്കാൻതൊടി,സെക്രട്ടറി |
| 3-12(3) | | 1000 | ഡോ.ഷാജഹാൻ.എം, സൂപ്രണ്ട്, THQ തിരൂരങ്ങാടി |
| ആകെ | 77262 | 1000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 3109768<br>1650000 | ശ്രീ കോയ വെള്ളക്കാൻതൊടി,സെക്രട്ടറി<br>ശ്രീ ജയകുമാർ എസ് സെക്രട്ടറി |
| 3.3 | 87673 | ഡോ വന്ദന മെഡിയ്ക്കൽ ഓഫീസർ (ആയുർവേദം) |
| 3.4 | 100000 | ഡോ. സാജു ജോർജ്ജ്, വെറ്ററിനറി സർജൻ |
| 3.6 | 86815 | ഡോ അനൂപ് പി വി മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) |
| 3.7 | 860400 | ശ്രീ ജയകുമാർ എസ് സെക്രട്ടറി |
| | 860400 | ശ്രീ കോയ വെള്ളക്കാൻതൊടി,സെക്രട്ടറി |
| 3.11 | 113400 | ശ്രീ അഖിൽ (പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ) |
| 3.12 | 201893 | ഡോ ഷാജഹാൻ (സൂപ്രണ്ട്) |
| 3.13 | 1500000 | ശ്രീ ദിലീപ് പ്രിൻസിപ്പാൾ, GHSS, തിരൂരങ്ങാടി |
| ആകെ | 8570349 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

**ഖണ്ഡിക നമ്പർ 2.3** ---- 3528/-

**ഖണ്ഡിക നമ്പർ 2.4** ലൈബ്രറി സെസ്സ് 337/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം</u>**

**<u>മേൽവിലാസങ്ങൾ</u>**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ കോയ വെള്ളക്കാൻതൊടി,സെക്രട്ടറി (Retd.) | | ശ്രീ കോയ വെള്ളക്കാൻതൊടി,തലക്കായിൽ ഹൗസ്, ചെനക്കലങ്ങാടി പി ഒ തേഞ്ഞിപ്പലം, മലപ്പുറം-673636 |
| ഡോ.ഷാജഹാൻ.എം, സൂപ്രണ്ട്, THQ തിരൂരങ്ങാടി | | ചെറമംഗലം (പി.ഒ) നെട്ടുവ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ എഫ് എം 15/2018/94<br>3.7.10 | 11 |
| 1982-83 | എൽ എഫ് എം9/2021/94<br>3.10.10 | 40 |
| 1985-86 | എൽ എഫ് എം9/2024/94<br>10.10.10 | 4 |
| 88-89<br>1989-90 | എൽ എഫ് എം6/214/95<br>10.10.10 | 2 |
| 90-91 | എൽ എഫ് എം6/648/96<br>3.7.10 | 12 |
| 1991-92 | എൽ എഫ് എം6/1251/94<br>3.7.10 | 17 |
| 1992-93<br>93-94 | എൽ എഫ് എം6/1000/96<br>3.7.10 | 17 |
| 94-95<br>1995-96 | എൽ എഫ് എം6/1014/97<br>10.10.10 | 30 |
| 1996-97 | എൽ എഫ് എം15/617/99<br>10.10.10 | 11 |
| 1998-99 | എൽ എഫ് എം14/487/01<br>10.10.10 | 2 |
| 99-00 | എൽ എഫ് എം17/849/06<br>10.10.10 | 9 |
| 99-2002(പ്ലാൻ) | എൽ എഫ് എം14/877/04 | 40 |

| | | |
|---|---|---|
| | 12.10.10 | |
| 2000-01 | എൽ എഫ് എം17/1672/06<br>10.10.10 | 4 |
| 2001-02 | എൽ എഫ് എം10/1858/06<br>10.10.10 | 9 |
| 2002-03 | എൽ എഫ് എം17/67/08<br>10.10.10 | 3 |
| 2003-04 | എൽ എഫ് എം17/68/08<br>10.10.10 | 8 |
| 2004-05 | എൽ എഫ് എം17/2239/08<br>3.7.10 | 14 |
| 2005-06 | എൽ എഫ് എം14/738/11/<br>28.5.11 | 10 |
| 2006-07 | എൽ എഫ് എം14/1576/11<br>15.11.11 | 19 |
| 2007-08 | എൽ എഫ് എം14/1291/12/<br>19.11.12 | 15 |
| 2008-09 | എൽ എഫ് എം14/1292/12/<br>19.11.12 | 12 |
| 2009-10 | എൽ എഫ് എം141293/12/<br>16.11.12 | 8 |
| 2010-11<br>2011-12 | എൽ എഫ് എം14/7399/13<br>12.7.13 | 18 |
| 2012-13<br>2013-14 | കെ എസ് എ എം പി എം14/638/14<br>29.5.15 | 20 |
| 2014-15 | കെ എസ് എ എം പി എം14/2533/15<br>30.11.15 | 20 |
| 2015-16 | കെ എസ് എ എം പി എം25/240/17<br>10.2.17 | 20 |

കുറിപ്പ് 1979-80 മുതൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള പരാമർശങ്ങൾ തീർപ്പാക്കാനുള്ള ഭരണസമിതിയുടെ ഇടപെടലുകൾ പ്രത്യേകമായി ഉണ്ടാകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

# 5 ഓഡിററ് സർട്ടീഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.25/2359/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 30/11/2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ്, 1994 ലെ കേരള നഗരപാലികാനിയമത്തിലെ 295-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും **മലപ്പുറം** ജില്ലയിലെ **തിരൂരങ്ങാടി നഗരസഭയുടെ 2016-17** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തിരൂരങ്ങാടി നഗരസഭയുടെ 2016-17** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## AUDIT CERTIFICATE

No.KSA/MPM25/2359/17

Kerala State Audit Department
District office ,Malappuram
dompm.ksad@kerala.gov.inEmail:
Phone: 0483 -2734951
Date:30/11/2017

Certified that I have audited the Annual Financial Statement of **Thiroorangadi Municippality** in **Malappuram** District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municippality Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Thiroorangadi Municippality** for the year **2016-17** except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

]